**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 194** **08-08-2023 - ൽ മറുപടിയ്ക്ക്**

**മുല്ലശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ ഐസൊലേഷൻ വാർഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ കിഫ്ബി, എം.എൽ.എ. ഫണ്ട് എന്നിവ പ്രയോജനപ്പെടുത്തി നിർമ്മിക്കുന്ന ഐസൊലേഷൻ വാർഡിന്റെ നിർമ്മാണോദ്ഘാടനം എന്നാണ് നിർവ്വഹിച്ചതെന്ന് വ്യക്തമാക്കാമോ; | (എ) | പ്രസ്തുത ഐസൊലേഷൻ വാർഡിന്റെ നിർമ്മാണോദ്ഘാടനം 31.05.2022 ന് നിർവ്വഹിച്ചു |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക എത്രയാണെന്നും അതിൽ കിഫ്ബി, എം.എൽ.എ. ഫണ്ട് എത്ര വീതമാണെന്നും അറിയിക്കാമോ; | (ബി) | ഐസൊലേഷൻ വാർഡിന്റെ നിർമ്മാണ പ്രവർത്തികൾക്ക് മെഡിക്കൽ സപ്പോർട്ട് ഉപകരണങ്ങളും ഫർണിച്ചറുകളും ഉൾപ്പെടെ 1,79,06,995/- രൂപയാണ് യൂണിറ്റ് കോസ്റ്റായി കണക്കാക്കി യിരിക്കുന്നത്.പ്രസ്തുത തുക എം,എൽ.എ മാരുടെ ആസ്തി വികസന ഫണ്ടിൽ നിന്നും കിഫ്ബി ഫണ്ടിൽ നിന്നും തുല്യമായാണ് വഹിക്കുന്നത് . |
| (സി) | പ്രസ്തുത ഐസൊലേഷൻ വാർഡിന്റെ നിർമ്മാണ ഏജൻസി ഏതാണെന്നും നിർമ്മാണം എന്ന് പൂർത്തീകരിക്കണമെന്നാണ് കരാറിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതെന്നും വ്യക്തമാക്കാമോ; | (സി) | തൃശ്ശൂർ ഡിസ്ട്രിക്ക് ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റിയാണ് നിർമ്മാണ ഏജൻസി . കരാർ വ്യവസ്ഥ പ്രകാരം കരാറുകാരന് സ്ഥലം കൈമാറി 135 ദിവസത്തിനുള്ളിൽ പ്രവർത്തി പൂർത്തികരിക്കേണ്ടതുണ്ടായിരുന്നു.. നിർമ്മാണ സൈറ്റിലെ തടസ്സങ്ങൾ കാരണം കാലാവധി ഉപാധികളോടെ 30.07.2023 വരെ ദിർഘിപ്പിച്ചിരിന്നു |
| (ഡി) | നിലവിൽ നിർമ്മാണം ഏത് ഘട്ടത്തിലാണെന്നും എന്ന് പൂർത്തീകരിക്കാനാകുമെന്നും അറിയിക്കാമോ; | (ഡി) | പ്രസ്തുത നിർമ്മാണം അന്തിമ ഘട്ടത്തിലാണ് . 2023 ആഗസ്റ്റ് മാസത്തോടുകൂടി നിർമ്മാണം പൂർത്തിയാകുമെന്ന് പ്രതിക്ഷിക്കുന്നു. |
| (ഇ) | പ്രസ്തുത ഐസൊലേഷൻ വാർഡിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കുന്നതെന്ന് വിശദമാക്കാമോ? | (ഇ) | 2400 സ്കയർ ഫീറ്റ് വിസ്തീർണ്ണത്തിൽ ഐസൊലേഷൻ വാർഡിന് വേണ്ട മെഡിക്കൽ ഗ്യാസ് സൗകര്യങ്ങൾ മെഡിക്കൽ ഉപകരണങ്ങൾ , ICU Bed -10 Nos,Doctor Room-1, Nursing Station ,Procedure Room, Toilet -4 Nos, Oxygen Generation Unit, എന്നീ സൗകര്യങ്ങൾ ആണ് ഒരുക്കുന്നത് |

സെക്ഷൻ ഓഫീസർ